മന്ത്രി ഉറപ്പു തരികയും ചെയ്ത സ്കീം തുടങ്ങാനുള്ള നടപടി എടുക്കണം. മരങ്ങാട്ടുപള്ളിയിൽ തുടങ്ങുമെന്നു പറഞ്ഞ പ്രോജക്ട് തുടങ്ങാൻ തീരുമാനിക്കുകയും മഞ്ഞേശ്വരത്തേത് നിർത്തിവയ്ക്കുകയും ചെയ്തത് വിരോധാഭാസമാണ്. ഞങ്ങളുടെ ജില്ലയിലുള്ള ആളുകൾക്കും പാൽ കുടിക്കണമെന്ന് ആഗ്രഹമുണ്ട്. ഇതല്ലെങ്കിൽ വേറെ ഏതെങ്കിലും ഒരു സ്കീം ഈ വർഷംതന്നെ അവിടെ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതു ഞാൻ മുമ്പു പറഞ്ഞല്ലോ ഏതെങ്കിലും ഒരു സ്കീമിൽ ഉൾപ്പെടുത്തി ഉടനെതന്നെ ഇക്കാര്യം ചെയ്യാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: 1981-ൽ ഓപ്പറേഷൻ ഫ്ളഡ്—II നടപ്പിലാക്കിയപ്പോൾ മിൽമ എന്നു പറയുന്ന സ്ഥാപനം നിർത്തലാക്കിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ചോദ്യത്തിൽ 'എ' 'ബി' പിരിവുകൾ മിൽമയെപ്പറ്റിയാണ്. മിൽമ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

സ്വാതന്ത്ര്യസമര സേനാനികൾക്കായുള്ള പെൻഷൻ

* 201 [233] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:
,, പി. എം. അബൂബക്കർ:
,, പി. സീതിഹാജി:
,, കെ. പി. രാമൻ:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1921-ലെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരിൽ എത്ര പേർക്ക് സ്വാതന്ത്ര്യസമരസേനാനികൾക്കായുള്ള സംസ്ഥാന പെൻഷൻ നൽകുന്നുണ്ട്;

(ബി) സംസ്ഥാന പെൻഷൻ കിട്ടുന്നവർക്കെല്ലാം കേന്ദ്ര പെൻഷൻ കിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇതേവരെ കിട്ടിയ വിവരങ്ങളനുസരിച്ച് 200 പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) സംസ്ഥാന പെൻഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സമരങ്ങളെല്ലാം കേന്ദ്ര പെൻഷൻ നൽകുന്നതിന് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. സംസ്ഥാന പെൻഷൻ അനുവദിക്കുന്നത് ജില്ലാകളക്ടറും കേന്ദ്രപെൻഷൻ അനുവദിക്കുന്നത് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമാണ്. മാത്രവുമല്ല സംസ്ഥാന പെൻഷനും കേന്ദ്രപെൻഷനും അനുവദിക്കുന്നതിന് പ്രത്യേകം പ്രത്യേകം നിയമങ്ങളുണ്ട്. അതുകൊണ്ട് ഈ നിർദ്ദേശം സ്വീകാര്യമായിരിക്കുകയില്ല.

ശ്രീ. കെ. പി. രാമൻ: പെൻഷനുവേണ്ടി അപേക്ഷിക്കുമ്പോൾ ജയിലിൽ കിടന്നുവെന്നുള്ള സർട്ടിഫിക്കറ് സമർപ്പിക്കണം. ഇതിനോടനുബന്ധിച്ച സമരത്തിൽ പങ്കെടുത്ത പലരും ബെല്ലാറിപോലെയുള്ള ജയിലുകളിലാണ് കിടന്നിട്ടുള്ളത്. അവിടെയാണെങ്കിൽ ഇതിനോടനുബന്ധിച്ച രേഖകളൊന്നും ഇല്ലെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചത്. അതുകൊണ്ട് സർട്ടിഫിക്കറിനില്ലെന്ന കാരണത്താൽ അർഹരായ പലർക്കും പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഡിസ്ട്രിക്റ് അഡ്വൈസറി കമ്മിറ്റിയുടെയോ ആ കാലഘട്ടത്തിലുണ്ടായിരുന്ന ആളുകളുടെ മൊഴിയോ എവിഡൻസായിട്ട് എടുക്കുന്നുണ്ടെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇതിന് വ്യക്തമായ ഒരു വ്യവസ്ഥയുണ്ടാക്കാൻ പ്രയാസമാണ്.

ശ്രീ. കെ. പി. രാമൻ: പെൻഷൻ നൽകുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ കെട്ടിക്കിടപ്പുണ്ടെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: 12,931 അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: കേന്ദ്രപെൻഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള പലർക്കും കേന്ദ്രഗവൺമെൻറ് പെൻഷൻ അനുവദിക്കണമെങ്കിൽ സംസ്ഥാന ഗവൺമെൻറിന്റെ റിപ്പോർട്ട് ഇവിടെനിന്നു പോകണം. സംസ്ഥാന ഗവൺമെൻറിന്റെ റിപ്പോർട്ട് പോകാത്തതിന്റെ ഫലമായി മാസങ്ങളായി കെട്ടിക്കിടക്കുന്ന അപേക്ഷകളുണ്ട്. അത്തരം കേസുകളിൽ വേഗം തീർപ്പുണ്ടാകുന്നതിനുവേണ്ടി റിപ്പോർട്ട് അയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സംസ്ഥാന ഗവണ്മെൻറ് ശുപാർശ ചെയ്യാത്തത് കേന്ദ്രഗവൺമെൻറിന്റെ പെൻഷൻ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള അപേക്ഷകളല്ല എന്നുള്ളതുകൊണ്ടാണ്. തള്ളാനുള്ളതാണെങ്കിൽ വേഗം അയയ്ക്കാം. എങ്ങനെയെങ്കിലും പെൻഷൻ കിട്ടണമെന്നുള്ളതുകൊണ്ട്, കമ്മിറ്റിയുടെയും കൂടി ശുപാർശ കിട്ടുകയാണെങ്കിൽ അപേക്ഷ തള്ളാതിരിക്കുമെന്ന വിചാരത്തിൽ അതിനുവേണ്ടി സമയമെടുക്കുകയാണ്.

ശ്രീ. തോമസ് കല്ലമ്പള്ളി: സ്വാതന്ത്ര്യസമര സേനാനികളുടെ എണ്ണം വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഇപ്പോഴും വളരെയധികം അർഹതപ്പെട്ട ആളുകൾക്ക് ജയിലിൽ കിടന്നിട്ടില്ലെന്ന കാരണത്താലും ആവശ്യമായ സർട്ടിഫിക്കറുകൾ ഹാജരാക്കാൻ സാധിക്കാത്ത കാരണത്താലും പെൻഷൻ ലഭിക്കുന്നില്ലെന്ന കാര്യം പരിഗണിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? മുഖ്യമന്ത്രിക്കുതന്നെ നേരിട്ടറിയാവുന്ന കാര്യങ്ങൾ കാണും. അർഹതപ്പെട്ടവരിൽ ഇനിയധികകാലം ജീവിച്ചിരിക്കുന്നവർ വളരെ ചുരുക്കമാണ്. അതുകൊണ്ട് ഒരു ഉദാരമായ

LIBRARY ARCHIVES Kerala Legislative Assembly

സമീപനമെടുത്ത് മുഴുവൻ സ്വാതന്ത്ര്യ സമര സേനാനികൾക്കും പെൻഷൻ കൊടുക്കാനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ ഒരു നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യസമരഭടൻമാരെ ദ്രോഹിച്ചവർക്കുവരെ കൊടുക്കുകയെന്നുള്ള നിലയിൽ വളരെ ലിബറലായിട്ട് പെൻഷൻ കൊടുക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പെൻഷനെ സംബന്ധിച്ചിടത്തോളം നിശ്ചിത നിയമത്തിനു വിധേയമായിട്ടാണ് കൊടുക്കുന്നത്. അതിൽ കോ—പ്രിസണേഴ്സിന്റെ സർട്ടിഫിക്കറ് എന്നു പറഞ്ഞിട്ട് എക്സ് എം. പി. മാർ, എം. എൽ. എ. മാർ എന്നിവരും സർട്ടിഫിക്കറ് കൊടുക്കുന്നുണ്ട്. അതുപോലും ദുരുപയോഗപ്പെടുത്തുന്നതായിട്ട് തെളിഞ്ഞതിനുശേഷം, കൊടുത്ത പെൻഷൻ ക്യാൻസൽ ചെയ്യുന്ന ഒരു സ്ഥിതിവിശേഷംവരെ വന്നിട്ടുണ്ട്. അതുകൊണ്ട് ലിബറലൈസ് ചെയ്ത് കുറേക്കൂടി ശ്രദ്ധിച്ച് ചെയ്യുന്നുണ്ട്.

ശ്രീ. ഇ. കെ. നായനാർ: 1921-ലെ സമരത്തിൽ പങ്കെടുത്ത ഇരുന്നൂറു പേർക്ക് സ്റ്റേറ്റ് ഗവൺമെന്റ് പെൻഷൻ കൊടുത്തുവെന്നാണ് പറഞ്ഞത്. ഇപ്പോഴും ഉള്ളവർക്ക് തൊണ്ണൂറ് വയസ്സ് കഴിഞ്ഞിട്ടുണ്ടാകും. കാരണം അറുപത്തഞ്ച് വർഷങ്ങൾക്കുമുമ്പ് നടന്ന സമരമാണത്. എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, ഒന്ന് 1921-ലെ സമരവും സ്വാതന്ത്ര്യസമരമായി അംഗീകരിച്ചിട്ടുണ്ടോ? രണ്ടാമത് കയ്യൂർ, പുന്നപ്ര വയലാർ സമരം സ്വാതന്ത്ര്യ സമരമാണെന്ന് കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിപ്പിക്കാനാവശ്യമായ നടപടികൾ സ്റ്റേറ്റ് ഗവൺമെന്റ് എടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിനുവേണ്ടി സംസ്ഥാനഗവൺമെന്റ് പല കാലഘട്ടങ്ങളിലും ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷേ കേന്ദ്രഗവൺമെന്റ് അത് അംഗീകരിച്ചിട്ടില്ല. സംസ്ഥാന പെൻഷനു് ഇത് ബാധകമാക്കിയിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ: പുന്നപ്ര വയലാറും കയ്യൂരും നടന്ന സമരങ്ങൾ സ്വാതന്ത്ര്യസമരമാണെന്ന് കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ടി ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമോയെന്നാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: സ്റ്റേറ്റ് ഗവൺമെന്റ് അത് അംഗീകരിച്ച് പെൻഷൻ കൊടുക്കുന്നുണ്ട്. പക്ഷേ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. അതിനുവേണ്ടി സ്റ്റേറ്റ് ഗവൺമെന്റ് റ്റ്രപ്രസന്റേഷൻ കൊടുത്തിട്ട് അംഗീകരിച്ചതായി കാണുന്നില്ല.

ശ്രീ. ഇ. കെ. നായനാർ: ഇതിനുവേണ്ടി കേന്ദ്രഗവൺമെന്റിനു സമ്മർദ്ദം ചെലുത്തുമോയെന്നാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: അത് അവരെ അറിയിക്കുകയല്ലാതെ എന്തിനാണ് സമ്മർദ്ദം ചെലുത്തുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. എ. മജീദ്: 1921-ലെ സ്വാതന്ത്ര്യ സമരസേനാനികളുടെ പെൻഷൻ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പോലും ഈ സമരത്തിൽ പങ്കെടുത്ത ആർക്കെങ്കിലും ഇതുവരെ കേന്ദ്രപെൻഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: അതിന്റെ മുഴുവൻ ലിസ്റ്റും എന്റെ കയ്യിലില്ല.

ശ്രീ. ബേബി ജോൺ: 1921-ലെ സ്വാതന്ത്ര്യ സമരസേനാനികളിൽ ഇരുന്നൂറു പേർക്ക് പെൻഷൻ കൊടുത്തുവെന്നു പറഞ്ഞു. ജീവിച്ചിരിക്കുന്ന സമരസേനാനികൾക്കാണോ, അവരുടെ കുടുംബങ്ങൾക്കാണോ കൊടുക്കുന്നത്? അതുപോലെ പന്തീരായിരത്തിൽപ്പരം അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു, അതെല്ലാം ഇപ്പോൾ ജീവിച്ചിരിക്കുന്നവരുടേതാണോ അവരുടെ കുടുംബങ്ങൾ അപേക്ഷിച്ചിട്ടുള്ളതാണോ? പഴയ തിരുവിതാംകൂറിൽ രാമസ്വാമി അയ്യരുടെ അഞ്ചുരൂപ പോലീസുകാർ ഉണ്ടായിരുന്നു. അത് സ്വാതന്ത്ര്യസമരത്തിലേർപ്പെടുന്നവരെ മർദ്ദിക്കുന്നതിനുവേണ്ടിയായിരുന്നു. അവർക്കും പെൻഷൻ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഇപ്പോഴുണ്ടായിട്ടുണ്ട്. അത് തടയാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. കരുണാകരൻ: അത് തടഞ്ഞാൽകൊള്ളാമെന്ന് ആഗ്രഹമുള്ളതാണ്. പക്ഷേ കല്ലേറുകൊണ്ട ആളുകൾതന്നെ അവർക്കും സർട്ടിഫിക്കറു കൊടുത്താൽ എന്താണ് ചെയ്യുന്നത്? അവരുടെ ആശ്രിതർക്കും പെൻഷൻ കൊടുക്കുന്നുണ്ട്.

ശ്രീ. ടി. വി. വിജയരാജൻ: സംസ്ഥാന ഗവൺമെന്റ് പെൻഷനു വേണ്ടി ഹാജരാക്കുന്ന സർട്ടിഫിക്കറ്റിൽ അത് കൊടുക്കുന്ന ആളിന്റെകൂടെ ജയിലിൽ കിടന്നിരുന്നുവെന്ന് സർട്ടിഫൈ ചെയ്തില്ലെങ്കിൽ ഇന്ന് പെൻഷൻ ലഭിക്കുന്നില്ല. അതൊന്ന് മാറി മറേതെങ്കിലും ജയിലിൽ കിടന്നതായി സർട്ടിഫൈ ചെയ്താലും പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ജയിലിൽ കൂടെക്കിടന്ന ആളുകളുടെ സർട്ടിഫിക്കറാണ് വേണ്ടത്. അതല്ലെങ്കിൽ മറ്റു ചിലർക്കുകൂടെ പെൻഷൻ കിട്ടും.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സ്വാതന്ത്ര്യ സമരസേനാനികൾക്ക് തീവണ്ടികളിൽ സൗജന്യയാത്ര അനുവദിക്കുന്നതായിട്ട് പത്രത്തിൽ കാണുകയുണ്ടായി. അങ്ങനെ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് പെൻഷൻ കിട്ടുന്നവർക്ക് അത് ബാധകമാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ അത് ബാധകമാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: സംസ്ഥാനഗവൺമെന്റ് പെൻഷൻ കിട്ടുന്നവർക്ക് ഇത് ബാധകമാക്കിയിട്ടില്ല. കേന്ദ്രഗവൺമെന്റ് പെൻഷൻകാർക്ക് ഇങ്ങനെ പാസ്സ് കിട്ടുന്നതായിട്ട് എനിക്കറിവില്ല. അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കാം. ഫ്രീഡം ഫൈറേഴ്സ് അസോസിയേഷൻ ഒരു റപ്രസന്റേഷൻ കൊടുത്തിട്ടുണ്ട്. അതായത്, സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് സർവ്വീസിലെങ്കിലും അവരെ സൗജന്യമായി സഞ്ചരിക്കാൻ അനുവദിച്ചാൽ തരക്കേടില്ലായെന്നു പറഞ്ഞു. ഇപ്പോഴത്തെ പതിനായിരത്തിൽപ്പരം സ്വാതന്ത്ര്യസമരഭടൻമാർ പെൻഷൻ വാങ്ങുന്നുണ്ട്. ഇനിയുള്ള അപേക്ഷകരുംകൂടിയാകുമ്പോൾ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ വരും. എന്തായാലും അത് പരിശോധിക്കാൻ പറഞ്ഞിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: പുന്നപ്ര വയലാർ സമരം സ്വാതന്ത്ര്യ സമരമായി അംഗീകരിക്കണമെന്ന്. നിയമസഭയിൽ പ്രമേയം പാസ്സാക്കിയിട്ടുണ്ട്. സ്വാതന്ത്ര്യസമരസേനാനികളുടെ അന്നത്തെ യോഗത്തിലും ഇങ്ങനെ പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്ത് ഒന്നുകൂടി ഈ സമരത്തെ ഒരു സ്വാതന്ത്ര്യസമരമായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെൻറിലേക്ക് എഴുതുമോ?

ശ്രീ. കെ. കരുണാകരൻ: ഇതിനുമുമ്പുതന്നെ എഴുതിയിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: സ്വാതന്ത്ര്യ സമരസേനാനികൾക്ക് സംസ്ഥാന ഗവൺമെൻറ് കൊടുക്കുന്ന പെൻഷൻ ഇടക്കാലത്ത് വർദ്ധിപ്പിച്ചതാണ്. എങ്കിലും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഇവർക്ക് വയസ്സുകാലത്ത് ഈ തുകകൊണ്ട് ജീവിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് പെൻഷൻ തുക ഇനിയും വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: സ്റ്റേറ്റ് ഗവൺമെൻറ് പെൻഷൻ അൻപതുരൂപയായിട്ടാണ് തുടങ്ങിയത്. പിന്നീട് 75 രൂപ, 150 രൂപ എന്ന ക്രമത്തിൽ ഇപ്പോൾ 300 രൂപ വീതം കൊടുക്കുന്നുണ്ട്. സാമ്പത്തികമായി ഗവൺമെൻറിന് കഴിവുണ്ടെങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിൽ ഗവൺമെൻറ് ഒരിക്കലും എതിരല്ല. സന്തോഷമേയുള്ളൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സംസ്ഥാന ഗവൺമെൻറ് സ്വാതന്ത്ര്യസമരമായി അംഗീകരിച്ചിട്ടുള്ള പല സമരങ്ങളും കേന്ദ്രഗവൺമെൻറ് ഇപ്പോഴും അംഗീകരിച്ചിട്ടില്ല. അതിന് തടസ്സമായി നിൽക്കുന്ന മുഖ്യമായ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? അതുപോലെ കടയ്ക്കൽ സമരത്തെ കേന്ദ്രഗവൺമെൻറിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കേന്ദ്രഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പ്രാദേശികമായി നടന്ന എല്ലാ സമരങ്ങളും ഇതിലുൾപ്പെടുത്താൻ പ്രയാസമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: എന്താണതിനു തടസ്സമെന്നാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: അത് കേന്ദ്രഗവൺമെൻറാണ് തീരുമാനിക്കേണ്ടത്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഉണ്ടായ പ്രാദേശിക സമരങ്ങളുമുണ്ട്. തിരുവിതാംകൂർ, ഗോവ സമരങ്ങളൊക്കെ സ്വാതന്ത്ര്യം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയതിനുശേഷമുണ്ടായവയാണ്. പ്രാദേശികമായ സമരങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെൻറിന്റെ അന്തിമമായ തീരുമാനം പെൻഷൻ കൊടുക്കേണ്ട എന്നാണ്. അത് പുനഃപരിശോധിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. അന്തിമമായ തീരുമാനം എടുത്തിട്ടില്ല.

ശ്രീ. ഇ. ററി. മുഹമ്മദ് ബഷീർ: തൃശ്ശിനാപ്പള്ളി, ബെല്ലാരി തുടങ്ങിയ ജയിലുകളിൽ കിടന്നതിന്റെ രേഖകൾ നഷ്ടപ്പെട്ടുപോയിയെന്ന് ഇവിടെ പറയുകയുണ്ടായി. ഈ സംസ്ഥാനത്ത് ജയിലുകളിൽനിന്ന് സർട്ടിഫിക്കറുകൊടുക്കുന്നുണ്ട്. അതിൽ എല്ലാ കാര്യങ്ങളും കാണിച്ചിരിക്കണം. അതായത്, ഇന്ന ജയിലിലേയ്ക്ക് ഇത്ര കൊല്ലത്തേക്ക് ശിക്ഷിച്ചുകൊണ്ട് ട്രാൻസ്ഫർ ചെയ്തുവെന്നു പറയുന്ന ഒരു സർട്ടിഫിക്കറ് ഇപ്പോൾ സംസ്ഥാനത്തെ ജയിലിൽനിന്നു കൊടുക്കുന്നുണ്ട്. അത് വളരെ വ്യക്തമായ ഒരു രേഖയാണ്. ആ രേഖയിൽ ഇത്രവർഷത്തേയ്ക്ക് ശിക്ഷിച്ചുകൊണ്ട് ഇന്ന ജയിലിൽ അയച്ചിരിക്കുന്നുവെന്ന് കാണിച്ചിട്ടുണ്ട്. ആ രേഖ ഇവർ ജയിലിൽ കിടന്നതായിട്ടുള്ള ഒരു രേഖയായി എടുക്കാൻ ഗവൺമെൻറ് സന്നദ്ധമാകുമോ?

ശ്രീ. കെ. കരുണാകരൻ: ഒരു ജയിലിൽ കിടന്നവരെ മറെറാരു ജയിലിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുവെന്നുള്ളത് ഒരു ഡിസ്കാളിഫിക്കേഷനല്ല, കാളിഫിക്കേഷനാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാലെവൽകമ്മിറിയും പുനഃസംഘടിപ്പിച്ചതായി പത്രത്തിൽ വായിക്കുകയുണ്ടായി. ഈ കമ്മിറിയുടെ ഘടനയെ സംബന്ധിച്ചിടത്തോളം എന്തു മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളതെന്നു പറയാമോ? ഈ കമ്മിറികളിൽ പലതിലും സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് കേട്ടറിവുമാത്രമുള്ള ആളുകളെ രേണകക്ഷികളുടെ പേരിൽ ചേർക്കുകയും യഥാർത്ഥത്തിൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീരസേനാനികളെ ഒഴിവാക്കുകയും ചെയ്തതായി പരാതിയുണ്ടായിട്ടുണ്ടോ; അതിന് പരിഹാരനടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ഈ കമ്മിറിയിലേയ്ക്ക് എടുത്തിട്ടുള്ള ആളുകളും സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകളും തന്നെയാണ്, വിശേഷിച്ചും ഫ്രീഡം ഫൈറേഴ്സ് അസോസിയേഷന്റെ രണ്ട് സംഘടനകളിൽനിന്നും ലിസ്റ് വാങ്ങി അതിൽനിന്നുള്ള ആളുകളെയാണ് നിയമിച്ചിട്ടുള്ളത്.

ശ്രീ. ബെന്നി ബഹനാൻ: സർ, സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കാൻ അർഹരായിട്ടുള്ള ആരെങ്കിലും ഈ നിയമസഭയ്ക്കകത്തുണ്ടോ? അങ്ങനെ പെൻഷൻ ലഭിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ പേരു വിവരം വെളിപ്പെടുത്താമോ?

ശ്രീ. കെ. കരുണാകരൻ: അതിന് നോട്ടീസു വേണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: എം. എസ്. പി. യിൽ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് ഒരു കലാപം നടന്നിരുന്നു. ആ കലാപത്തെ സ്വാതന്ത്ര്യ സമരമായി അംഗീകരിക്കണമെന്നും ആ സമരത്തിൽ പങ്കെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തവർക്ക് പെൻഷൻ കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കേന്ദ്ര ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും നൽകുകയുണ്ടായി. എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പലർക്കും ആ പെൻഷൻ നിഷേധിച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: പെൻഷൻ കൊടുക്കുന്ന വ്യവസ്ഥ ആദ്യ കാലങ്ങളിൽനിന്ന് കുറേക്കൂടി ലിബറലൈസ് ചെയ്തിട്ടുണ്ട്. ഇനിയും ഇതുമായി ബന്ധപ്പെട്ട ആളുകളെ ഒഴിവാക്കാതിരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണെന്ന് പ്രൈം മിനിസ്റ്റർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിക്കണമെന്ന് നമുക്ക് കാത്തിരിക്കാം.

ശ്രീ. ഇ. പത്മനാഭൻ: ഈ ചോദ്യങ്ങൾ സ്വാതന്ത്ര്യസമര പെൻഷനെപ്പറ്റിയുള്ളതാണ്. അതിൽ ഒന്നാമത്, 1921-ൽ സ്വാതന്ത്ര്യ സമരം നടന്നുയെന്നു പറയുന്നു. അത് ഏതു സമരത്തെയാണ് ഉദ്ദേശിക്കുന്നത്? 12,900-ത്തോളം അപേക്ഷകൾ ബാക്കിയുണ്ടെന്നു പറയുന്നത് ഇതിൽ ഏതു സമരത്തിൽപ്പെട്ടതാണ്?

ശ്രീ. കെ. കരുണാകരൻ: പന്ത്രണ്ടായിരത്തിൽ ചില്വാനം അപേക്ഷകൾ ഉണ്ടെന്നു പറയുന്നത് സ്വാതന്ത്ര്യ സമരമായി ഈ ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള എല്ലാം ഉൾപ്പെട്ടതാണ്. 1921-ലെ സമരം എന്നു പറയുന്നത് ഖിലാഫത്തു പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടുള്ളതാണ്.

ശ്രീ. വി. കെ. രാജൻ: സർ, പുന്നപ്ര വയലാർ സമരം സ്റേറ്റ് ഗവൺമെൻറ് സ്വാതന്ത്ര്യ സമരമായി പ്രഖ്യാപിച്ചതായി അങ്ങ് പ്രസ്താവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്തിട്ടുള്ള എത്രപേർക്ക് പെൻഷൻ കൊടുത്തിട്ടുണ്ട്? അതോടൊപ്പംതന്നെ നിരവധി ആളുകളുടെ അപേക്ഷകൾ പരിഗണിക്കാതെ വിട്ടിരിക്കയാണെന്നും പരാതി ഉണ്ട്. അത്തരം അപേക്ഷകൾകൂടി പരിഗണിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: സ്വാതന്ത്ര്യ സമരത്തിൽ പെട്ടിട്ടുള്ള പുന്നപ്ര-വയലാർ സമരത്തിന് പ്രത്യേകമായി ലിസ്റ് ഇല്ല. സ്വാതന്ത്ര്യ സമര ഭടൻമാർക്ക് കൊടുക്കുന്നത് ഒരുമിച്ചാണ് കൊടുക്കുന്നത്.

ആശുപത്രികളിലെ എക്സ്റേ പ്ലാൻറുകൾ

* 202 [234] ശ്രീ. വി. സുരേന്ദ്രൻപിള്ള:
,, സി. എഫ്. തോമസ്:
,, ഇ. ജെ. ലൂക്കോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ആശുപത്രികളിലും എക്സറേ പ്ലാൻറുകൾ കേടായി കിടക്കുന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly